LIBRARY ARCHIVES Kerala Legislative Assembly

കഞ്ഞിപ്പാടം പി.എച്ച്. സബ് സെന്റർ ആരംഭിക്കാൻ നടപടി

78 (3509) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ കഞ്ഞിപ്പാടം പി.എച്ച്. സബ് സെന്ററിന്റെ പണി പൂർത്തിയായിട്ടുണ്ടോ എങ്കിൽ ഇതിന്റെ ഉദ്ഘാടനം എന്ന് നിർവ്വഹിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) സബ് സെന്ററിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കഞ്ഞിപ്പാടം പി.എച്ച്. സബ് സെന്ററിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം 3-6-2015-ൽ ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. നിർവ്വഹിച്ചു.

(ബി) സബ് സെന്ററിൽ ഇപ്പോൾ ആവശ്യമായ ജീവനക്കാർ ഉണ്ട്. (ജെ.പി.എച്ച്.എൻ. -1, ജെ.എച്ച്.ഐ. -1)

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ്

79 (3510) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് സ്ഥാപിച്ചിട്ട് എത്ര വർഷമായി ; ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം 2013-ൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നൽകിയ ജനറേറ്റർ സ്ഥാപിച്ചു നൽകുന്നതിനുള്ള കാലതാമസംമൂലം കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തന ക്ഷമമാക്കാൻ സാധിച്ചിട്ടില്ല. ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനിക്ക് തന്നെയാണ് അവ സ്ഥാപിച്ചു നൽകേണ്ടതിന്റെ ഉത്തരവാദിത്വവും.